## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1096

30.10.2019 ൽ മറുപടിയ്ക്ക്

### കായംകുളം ഗവ. ഐ.റ്റി.ഐ. യ്ക്ക് വേണ്ടി സ്ഥലമെടുക്കുന്നതിലെ പുരോഗതി

ചോദ്യം

ഉത്തരം

ശ്രീമതി യു. പ്രതിഭ :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| കായംകുളം ഗവ. ഐ.റ്റി.ഐ. യ്ക്ക് വേണ്ടി സ്ഥലമെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ? | കായംകുളം ഐ.ടി.ഐ.യ്ക്ക് വേണ്ടി ഒരു ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി കായംകുളം നഗരസഭാ സെക്രട്ടറിയ്ക്ക് അനുമതി നൽകിക്കൊണ്ട് റവന്യൂ വകുപ്പ് 2014 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ആവശ്യത്തിലേയ്ക്കായി 25 ലക്ഷം രൂപ കായംകുളം നഗരസഭ സെക്രട്ടറി ജില്ലാ കളക്ടറുടെ വർക് ഡിപ്പോസിറ്റ് അക്കൗണ്ടിൽ ഒടുക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കൽ നടപടി സ്വീകരിച്ചുവരവേ സർവ്വേനമ്പരിൽ ഉൾപ്പെട്ട മുഴുവൻ സ്ഥലമുടമകളുടെയും സമ്മതപത്രം ലഭിക്കാതിരുന്നതിനെത്തുടർന്ന് ഏറ്റെടുക്കൽ നടപടി തടസ്സപ്പെട്ടു. സ്ഥലം ഏറ്റെടുക്കുന്നതിൽ കാലതാമസം വന്ന സാഹചര്യത്തിൽ പ്രസ്തുത ഉത്തരവ് കാലഹരണപ്പെടുകയും ചെയ്തു. സ്ഥലം ഏറ്റെടുക്കുന്നതിന് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

Bindu

സെക്ഷൻ ഓഫീസർ